**14-ാം കേരള നിയമ സഭ**

**4-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 22** **27.02.2017-ൽ മറുപടിയ്ക്ക്**

## സ്വാശ്രയ കോളേജുകളിലെ പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ :**<br>**ശ്രീ. അൻവർ സാദത്ത് :**<br>**ശ്രീ. വി.ഡി. സതീശൻ :**<br>**ശ്രീ.വി.എസ്.ശിവകുമാർ :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) 2016-ൽ സ്വാശ്രയ കോളേജുകളുടെ മാനേജ്മെന്റ് എൻ.ആർ.ഐ. സീറ്റുകളിലെ പ്രവേശനത്തിൽ കൃത്രിമം നടത്തിയതായി ജസ്റ്റിസ് ജെ.എം.ജയിംസ് അദ്ധ്യക്ഷനായിരുന്ന പ്രൊഫഷണൽ കോളേജ് പ്രവേശനവും ഫീസും നിയന്ത്രണ സമിതി കണ്ടെത്തിയിരുന്നോ; | (എ) മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട രേഖകൾ പ്രവേശന മേൽനോട്ട സമിതിയുടെ സൂക്ഷ്മ പരിശോധനയിലാണ്. അതേസമയം പാലക്കാട് ജില്ലയിലെ കരുണ മെഡിക്കൽ കോളേജ്, കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ എം. ബി. ബി എസ് പ്രവേശനത്തിലെ സുതാര്യതയില്ലായ്മയും, മറ്റ് ക്രമക്കേടുകളും ചൂണ്ടിക്കാട്ടി മേൽ രണ്ട് കോളേജുകളിലേയും പ്രവേശനം, പ്രവേശന മേൽനോട്ട സമിതി റദ്ദാക്കിയിരുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച കേസ്, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്. |
| (ബി) പ്രവേശന പരീക്ഷ ജയിക്കാത്ത വിദ്യാർത്ഥികൾക്ക് മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നൽകിയിരുന്നതായി സമിതി കണ്ടെത്തിയിരുന്നോ; | (ബി) മെഡിക്കൽ പ്രവേശനത്തിന് മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ നീറ്റ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയതിന്റെ രേഖകൾ സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ പ്രവേശന മേൽനോട്ട സമിതിയുടെ സൂക്ഷ്മ പരിശോധന നടന്ന് വരുന്നു. |

| | |
|---|---|
| (സി) പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും തെറ്റായ രീതിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ കോളേജിൽ നിന്നും പുറത്താക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ? | (സി) മെഡിക്കൽ പ്രവേശനത്തിന്റെ രേഖകൾ സൂക്ഷ്മ പരിശോധന നടത്തി വരുന്നു. പരിശോധിച്ച ശേഷം തുടർനടപടികൾ ആവശ്യമെങ്കിൽ കോടതി വിധികൾക്ക് വിധേയമായി പ്രവേശന മേൽനോട്ട സമിതി തീരുമാനിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**